പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 285 27/02/2017-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകളിലെ നിരക്ക് ഏകീകരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് രോഗികളിൽ നിന്ന് സ്വകാര്യ ലാബുകൾ അമിത നിരക്ക് ഈടാക്കുന്നത് തടയുവാൻ നിരക്ക് ഏകീകരണം നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ; | എ) & ബി) | ഉണ്ട്. നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017 ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. പ്രസ്തുത വിവരം ബഹു. മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | നിരക്ക് ഏകീകരിക്കേണ്ടതിന്റെയും സർക്കാർ ലാബുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കേണ്ടതിന്റെയും ആവശ്യകത ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സൗജന്യ നിരക്കിൽ 24 മണിക്കൂറും ലബോറട്ടറി സംവിധാനം ലഭ്യമാണ്. |
| ഡി) | എങ്കിൽ സത്വര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ